പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1794 — 12.06.2019-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി.ക്ക് കുറഞ്ഞ നിരക്കിൽ ഇന്ധനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൻ നഷ്ടത്തിൽ പൊതുഗതാഗത സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി.ക്ക് സൗജന്യ നികുതി നിരക്കിലോ അല്ലെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്കിലോ ഡീസൽ ലഭ്യമാക്കണമെന്ന ആവശ്യം പരിഗണിച്ചിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. പ്രസ്തുത ആവശ്യം പരിഗണിച്ച്, 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമ്പോൾ കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസൽ ഓയിലിന്റെ നികുതി കുറവ് ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി സമർപ്പിക്കാൻ കെ.എസ്.ആർ.ടി.സി.ക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കെ.എസ്.ആർ.ടി.സി. ഇപ്രകാരം നിർദ്ദേശം സമർപ്പിക്കാതിരുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | കെ.എസ്.ആർ.ടി.സി. വാങ്ങുന്ന ഹൈസ്പീഡ് ഡീസലിനുള്ള നികുതിയിൽ ഈ സാമ്പത്തിക വർഷമെങ്കിലും ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | | |
| (സി) | കെ.എസ്.ആർ.ടി.സി.ക്ക് ഇന്ധനം നൽകുന്ന ഓയിൽ കമ്പനികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; | (സി) | ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ എണ്ണ കമ്പനികളിൽ നിന്നാണ് കെ.എസ്.ആർ.ടി.സി.യ്ക്ക് ഇന്ധനം നൽകുന്നത്. |
| (ഡി) | കെ.എസ്.ആർ.ടി.സി.ക്ക് ഇന്ധനം വിതരണം നടത്തുന്ന കമ്പനി മാർക്കറ്റ് വിലയിൽ നിന്നും ചെറിയ തോതിൽ വില കുറച്ച് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>M/s. ഭാരത് പെട്രോളിയം കോർപ്പറേഷൻ കർണ്ണാടക RTC-യ്ക്ക് ഇന്ധനം വിതരണം ചെയ്യുന്ന കുറഞ്ഞ വിലയിൽ കെ.എസ്.ആർ.ടി.സി.യ്ക്കും വിതരണം ചെയ്യുന്നതിനു വേണ്ടി M/s. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചർച്ച നടത്തുകയും അതനുസരിച്ച് കിലോ ലിറ്ററിന് 1700 രൂപ വില കുറവിലും 45 ദിവസത്തെ ഇന്ധനം ക്രെഡിറ്റിലും നൽകുന്നതിന് കോർപ്പറേഷനുമായി ഏകദേശ ധാരണയിൽ എത്തുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**